(സി) ടി പദ്ധതി ഒരു പൈലറ്റ് പദ്ധതിയായി കണക്കാക്കുന്നതും പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയശേഷം കോളനി നിവാസികളെ സംഘടിപ്പിച്ച് സംയുക്ത കൃഷിരീതി പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കാവുന്നതുമാണ്. ഇത്തരം കൃഷികൾ പട്ടികവർഗ്ഗക്കാർക്ക് ഗുണകരമാണെന്ന് കണ്ടാൽ പാട്ട ഭൂമി ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികവർഗ്ഗസങ്കേത വികസന പദ്ധതി

335 (685) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്താമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന എത്ര സങ്കേതങ്ങളുണ്ടെന്നും ഏതൊക്കെ സങ്കേതങ്ങളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) പദ്ധതിമൂലം സങ്കേതങ്ങളിൽ ഉണ്ടാക്കാൻ കഴിഞ്ഞ നേട്ടങ്ങളെ സംബന്ധിച്ച വിശദവിവരം നൽകാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗസങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. റോഡ്, നടപ്പാത എന്നിവ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളതോട്ട നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ പദ്ധതിയിലുൾപ്പെടുന്നു.

(ബി) 2013-14 വർഷം 18 പട്ടികവർഗ്ഗ സങ്കേതങ്ങളേയും 2014-15 വർഷം 25 പട്ടികവർഗ്ഗ സങ്കേതങ്ങളേയും ടി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്. സങ്കേതങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റോഡ്, നടപ്പാത എന്നിവയുടെ നിർമ്മാണം, വാർത്താവിനിമയ സൗകര്യം മെച്ചപ്പെടുത്തൽ, കുടിവെള്ള പദ്ധതി, ഡ്രെയിനേജ് സംവിധാനം, വൈദ്യുതീകരണം, സൗരോർജ്ജ വൈദ്യുതീകരണം, സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, ശുചീകരണ പ്രവർത്തനങ്ങൾ, ഭവന പുനരുദ്ധാരണം, മാലിന്യ സംസ്കരണം, കമ്മ്യൂണിറ്റി ഹാൾ/കളിസ്ഥലം തുടങ്ങിയ പൊതുസൗകര്യങ്ങൾ, ജലസേചനം, അടുക്കളത്തോട്ട നിർമ്മാണം തുടങ്ങിയവ ഉൾപ്പെടുത്തി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സമഗ്ര വികസനം നടപ്പാക്കുന്നു.

മിഷൻ 676-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി

336 (687) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബാഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഐ.എ.വൈ. പദ്ധതി, ഹഡ്കോ ലോൺ മുഖാന്തരമുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ ലക്ഷ്യം സാക്ഷാത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly